# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യം തിരഞ്ഞെടുപ്പ് ചൂടിൽ. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒന്നാംഘട്ട നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു.

   **Campaign for Lok Sabha elections in full swing across the country. Filing of nomination papers for the first phase of the Lok Sabha elections began.**

2. പൗരാണികവും ശിഥിലമാകാത്തതുമായ ജനാധിപത്യ സംസ്കാരമാണ് ഇന്ത്യയ്ക്കുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that India has an ancient and unbroken culture of democracy.**

3. പുതിയ ഭാരതത്തിന് ഭീകരതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണുള്ളതെന്ന് പ്രധാനമന്ത്രി .

   **Prime Minister Narendra Modi said that the new India has an uncompromising approach to terrorism.**

4. രാജ്യത്ത് നടപ്പു സാമ്പത്തിക വർഷം പ്രത്യക്ഷ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധന.

   **Substantial increase in direct tax revenue in the current financial year in the country.**

5. ഇന്ന് ലോക വനദിനം. വനങ്ങളും നവീകരണവും- മെച്ചപ്പെട്ട ലോകത്തിന് പുതിയ പരിഹാരങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

**Today is World Forest Day. This year's theme is Forests and Innovation – New Solutions for a Better World.**

6. ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.

**India will face Afghanistan today in FIFA World Cup Qualifier.**

**********************

**HEADLINE-1**

# LOKSABHA ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒന്നാംഘട്ട നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു. ഏപ്രിൽ 19 ന് ആദ്യഘട്ട വോട്ടെടുപ്പ് നടക്കേണ്ട തമിഴ്നാട് അടക്കം 21 സംസ്ഥാനങ്ങളിലെ 102 ലോക്സഭാ മണ്ഡലങ്ങളിലേയ്ക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പണമാണ് തുടങ്ങിയത്. ബീഹാറിൽ മാർച്ച് 28 നും മറ്റിടങ്ങളിൽ മാർച്ച് 27 നുമാണ് പത്രിക സമർപ്പണത്തിനുള്ള അവസാന തീയതി. വോട്ടെണ്ണൽ ജൂൺ നാലിന്. 60 അംഗ അരുണാചൽ പ്രദേശ് നിയമസഭായിലേക്കും 32 അംഗ സിക്കിം നിയമസഭയിലേക്കുമുള്ള തിരഞ്ഞെടുപ്പും ഏപ്രിൽ 19 നാണ്. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പത്രികകളും സ്വീകരിച്ചുതുടങ്ങി.

**********************

# ELECTION COMMISSION

റെയിൽവേ സ്റ്റേഷനുകൾ, എയർപോർട്ടുകളിൽ ഉൾപ്പെടെ സർക്കാർ വസ്തുക്കളിൽ പതിപ്പിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ അനധികൃത പരസ്യങ്ങൾ ഉടൻ നീക്കം ചെയ്യണമെന്ന്

തെരഞ്ഞെടുപ്പ് കമ്മിഷൻ. രാജ്യത്ത് വിവിധ ഇടങ്ങളിൽ ഇത്തരത്തിൽ പരസ്യങ്ങൾ കാണുന്നു എന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മിഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവ് നൽകിയത്.

**********************

# VOTERS LIST

ഈമാസം 18 വരെയുള്ള കണക്കുപ്രകാരം കേരളത്തിലുള്ളത് **രണ്ട് കോടി 72 ലക്ഷത്തി 80,160** വോട്ടർമാർ. പുരുഷന്മാർ **ഒരു കോടി 31 ലക്ഷത്തി 84,573,** സ്ത്രീകൾ **ഒരു കോടി 40 ലക്ഷത്തി 95,250.** ഈമാസം 25 വരെ വോട്ടർപട്ടികയിൽ വോട്ടുചേർക്കാൻ അപേക്ഷിക്കാം. ഇനി ലഭിക്കുന്ന അപേക്ഷകരെ ഏപ്രിൽനാ ലിന് പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തും.

**********************

# ELECTION KANNUR

കണ്ണൂർ പാർലമെന്റ് മണ്ഡലത്തിൽ പ്രചാരണം ഊർജ്ജിതമാക്കി മൂന്ന് മുന്നണികളും. യു.ഡി.എഫ് സ്ഥാനാർത്ഥി കെ.സുധാകരൻ ഇന്ന് ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തും. രാവിലെ പയ്യാവൂരിൽ നിന്ന് ആരംഭിക്കുന്ന പര്യടനം വൈകിട്ട് ശ്രീകണ്ഠപുരത്ത് സമാപിക്കും.

എൽ. ഡി.എഫ് സ്ഥാനാർഥി എം.വി.ജയരാജൻ പേരാവൂർ നിയമസഭാ മണ്ഡലത്തിലാണ് പര്യടനം നടത്തുക. രാവിലെ ഇരിട്ടിയിൽ നിന്ന് ആരംഭിച്ച് വൈകിട്ട് പേരാവൂർ ടൗണിൽ സമാപിക്കും.

എൻ.ഡി.എ സ്ഥാനാർത്ഥി സി. രഘുനാഥന്റെ പര്യടനം രാവിലെ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കും. വൈകിട്ട് കീഴ്പ്പള്ളി ടൗണിൽ സമാപിക്കും.

**********************

HEADLINE-2

## PM SUMMIT FOR DEMOCRACY

നൈരന്തര്യമുള്ളതും പൗരാണികവുമായ ജനാധിപത്യ സംസ്കാരമാണ് ഇന്ത്യക്കുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സമവായ രൂപീകരണവും തുറന്ന സംവാദവും സ്വതന്ത്ര ചർച്ചകളും ഇന്ത്യയുടെ ചരിത്രത്തിലുടനീളം പ്രതിധ്വനിച്ചിട്ടുണ്ടെന്നും ജനാധിപത്യവുമായി ബന്ധപ്പെട്ട് ദക്ഷിണ കൊറിയയിലെ സിയോളിൽ സംഘടിപ്പിച്ച ഉച്ചകോടിയിൽ വെർച്വലായി പങ്കെടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഏതാനും ആഴ്ചകൾക്കുള്ളിൽ, ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉത്സവത്തിന് ലോകം സാക്ഷ്യം വഹിക്കുമെന്ന് ലോക്സഭാ തിരഞ്ഞെടുപ്പിനെ സൂചിപ്പിച്ചുകൊണ്ട് ശ്രീ മോദി പറഞ്ഞു.

**********************

HEADLINE-3

## PM SUMMIT

പുതിയ ഭാരതത്തിന് ഭീകരതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണുള്ളതെന്നും അതിക്രമത്തിന് മുതിരുന്നവരെ പാഠം പഠിപ്പിക്കാൻ രാജ്യത്തിനാകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയെ ഭീഷണിപ്പെടുത്താൻ ശ്രമിച്ചിരുന്നവർ ഇപ്പോൾ നിഷ്പ്രഭമാണെന്നും ന്യൂഡൽഹിയിൽ ഭാരത് റൈസിംഗ് ഉച്ചകോടിയിൽ സംസാരിക്കവെ ശ്രീ.മോദി പറഞ്ഞു. 21-ാം

നൂറ്റാണ്ടിനെ ഇന്ത്യയുടെ നൂറ്റാണ്ടായി ലോകം കണക്കാക്കുന്നുവെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. വൻകിട റേറ്റിംഗ് ഏജൻസികൾക്കും സാമ്പത്തിക വിദഗ്ധർക്കും ഇന്ത്യയുടെ വളർച്ച സംബന്ധിച്ച് സംശയമില്ലെന്നും കഴിഞ്ഞ 10 വർഷത്തിനിടെ വലിയ പരിവർത്തനങ്ങൾ രാജ്യത്ത് സാധ്യമായത് ലോകം കാണുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**********************

## STARTUP -PM

രാജ്യത്തെ നാൽപ്പത്തിയഞ്ച് ശതമാനത്തിലധികവും സ്റ്റാർട്ടപ്പുകൾ നയിക്കുന്നത് വനിതകളാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ, കാർഷിക, ആരോഗ്യ മേഖലകളിൽ 45 ശതമാനത്തിലധികം സ്റ്റാർട്ടപ്പ് സംരംഭങ്ങളും നയിക്കുന്നത് വനിതകളാണ്.

ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ് ഭാരതം. 1.25 ലക്ഷം സ്റ്റാർട്ടപ്പുകളാണ് രാജ്യത്തുള്ളത്. 12 ലക്ഷം യുവാക്കൾ ഈ സംരംഭങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സ്റ്റാർട്ടപ്പ് സംസ്കാരത്തിലും നവീകരണത്തിലും ഉയർന്നുവരുന്ന നൂതനാശയങ്ങൾക്ക് ഊന്നൽ കൊടുക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

**********************

## PM BHUTAN VISIT POSTPONED

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇന്ന് ആരംഭിക്കാനിരുന്ന രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം മാറ്റിവച്ചു. പാരോ

വിമാനത്താവളത്തിലെ പ്രതികൂല കാലാവസ്ഥയെത്തുടർന്നാണ് സന്ദർശനം മാറ്റിയതെന്നും പുതിയ തീയതി ആലോചിച്ചു വരികയാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**********************

HEADLINE-4

## DIRECT TAX (INTRO)

രാജ്യത്ത് നടപ്പു സാമ്പത്തിക വർഷം മാർച്ച് 17 വരെയുള്ള കാലയളവിൽ പ്രത്യക്ഷ നികുതി വരുമാനം 18.90 ലക്ഷം കോടി രൂപയിലെത്തി. വ്യക്തിഗത ആദായനികുതിയും കോർപ്പറേറ്റ് നികുതിയും ചേർന്ന തുകയാണിത്.

ഒരു റിപ്പോർട്ട്....

(വോയിസ്)

**********************

## DIRECT TAX (VOICE)

മുൻവർഷത്തെ അപേക്ഷിച്ച് 19.88 ശതമാനമാണ് വരുമാനവളർച്ചയെന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് അറിയിച്ചു. കോർപ്പറേറ്റ് നികുതി 9.14 ലക്ഷം കോടി രൂപയും വ്യക്തിഗത ആദായനികുതി 9.72 ലക്ഷം കോടി രൂപയുമാണ്. ഈ കാലയളവിൽ 3.36 ലക്ഷം കോടി രൂപ റീഫണ്ടായി നൽകി. മുൻവർഷത്തെ 2.98 ലക്ഷം കോടി രൂപയെക്കാൾ 12.74 ശതമാനമാണ് വർധന. നടപ്പു സാമ്പത്തിക വർഷം മുൻകൂർ നികുതി പിരിവ് മുൻവർഷത്തെ 7.45 ലക്ഷം കോടി രൂപയിൽനിന്ന് 9.11 ലക്ഷം കോടി രൂപയായി ഉയർന്നിട്ടുണ്ട്.

22.31 ശതമാനമാണ് വർധന. 2023 ലെ ബജറ്റിൽ 18.20 കോടി രൂപയാണ് പ്രത്യക്ഷ നികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത്. കഴിഞ്ഞ മാസം അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ ലക്ഷ്യം 19.45 ലക്ഷം കോടി രൂപയായി ഉയർത്തിയിരുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.......**

**********************

## NEET-PG- RESCHEDULE

നീറ്റ് പിജി പരീക്ഷാ തീയതി പുനഃക്രമീകരിച്ചു. ജൂലൈ ഏഴിന് നടത്താനിരുന്ന പരീക്ഷ ജൂൺ 23 ന് നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. പരീക്ഷയ്ക്ക് യോഗ്യത നേടുന്നതിനുള്ള ഇൻറേൺഷിപ്പ് പൂർത്തിയാക്കുന്നതിനുള്ള കട്ട് -ഓഫ് തീയതി ഓഗസ്റ്റ് 15 ആയിരിക്കുമെന്നതിൽ മാറ്റമില്ല. ജൂലൈ 15 ന് ഫലം പ്രഖ്യാപിക്കും.

**********************

## INDONESIA- ELECTION OFFICIAL RESULT

ഇന്തോനേഷ്യയുടെ അടുത്ത പ്രസിഡന്റായി പ്രബോ സുബിയാന്റോയെ ഔദ്യോഗികമായി പ്രഖ്യാപിച്ചു. **58.59** ശതമാനം വോട്ടാണ് ഇദ്ദേഹം നേടിയതെന്ന് ഇന്തോനേഷ്യൻ തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. എതിർ സ്ഥാനാർത്ഥികളായ ആനീസ് ബസ്വേദാൻ **24.95** ശതമാനവും ഗഞ്ചർ പ്രനാവോ **16.46** ശതമാനവും വോട്ട് നേടി. ഗബ്രി റാക്കബൂമിങ് റാക്കയെ വൈസ് പ്രസിഡന്റായും കമ്മിഷൻ പ്രഖ്യാപിച്ചു.

**********************

## ISIS ARREST

ഇന്ത്യയിലെ ഐഎസ്ഐഎസ് തലവൻ ഹാരിസ് ഫരൂക്കിയെയും മറ്റൊരാളെയും അസം പ്രത്യേക ദൗത്യ സംഘം പിടികൂടി. കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര അതിർത്തി കടക്കുന്നതിനിടെ ഇവരെ പ്രത്യേക ദൗത്യ സംഘം അറസ്റ്റ് ചെയ്തതെന്ന് അസം പൊലീസ് അറിയിച്ചു. ഇവരെ ചോദ്യം ചെയ്യുന്നതിനായി ഗുവാഹത്തിയിലേക്ക് കൊണ്ടുപോയി. ഇരുവരെയും എൻഐഎക്ക് കൈമാറുമെന്നും റിപ്പോർട്ടുകളുണ്ട്.

**********************

## PM- ZELENSKYY

യുക്രൈന്റെ പരമാധികാരം, അതിർത്തി സംരക്ഷണം, മാനുഷിക സഹായം എന്നിവയ്ക്ക് പിന്തുണ നൽകുകയും സമാധാന ചർച്ചകളിൽ സജീവ പങ്കാളിയാകയും ചെയ്യുന്നതിന് ഇന്ത്യയോട് നന്ദി അറിയിച്ച് യുക്രൈൻ പ്രസിഡന്റ് വോളിഡിമിർ സെലൻസ്കി. സമാധാന ചർച്ചകളിൽ ഇന്ത്യ പങ്കാളിയാകുന്നത് യുക്രൈന് പ്രധാനമാണെന്നും സമൂഹമാധ്യമ പോസ്റ്റിലൂടെ സെലൻസ്കി അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള ടെലിഫോൺ സംഭാഷണത്തിന് ശേഷമാണ് സെലൻസ്കിയുടെ പ്രസ്താവന. ഇന്ത്യ-യുക്രൈൻ ഉഭയകക്ഷി ബന്ധവും ഇരു നേതാക്കളും ചർച്ച ചെയ്തു.

**********************

## TEMPERATURE

കേരളത്തിൽ കടുത്ത ചൂട് അനുഭവപ്പെടുന്നതിനാൽ പത്ത് ജില്ലകളിൽ പ്രഖ്യാപിച്ച മഞ്ഞ ജാഗ്രത ഇന്നു വരെ തുടരും. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഉയർന്ന 38°C വരെയും അനുഭവപ്പെടും. കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രിയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 ഡിഗ്രിയുമാണ് താപനില.

*********************

## OCEANOGRAPHIC RESEARCH CENTRE

കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠനഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും ബീച്ച് യാത്രകൾ ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

*********************

**HEADLINE-5**

## FOREST DAY

ഇന്ന് ലോക വനദിനം. 2000-ലധികം തദ്ദേശീയ സംസ്കാരങ്ങൾ ഉൾപ്പെടെ ഏകദേശം 160 കോടി ജനങ്ങൾ ഉപജീവനത്തിനായി വനങ്ങളെ ആശ്രയിക്കുന്നു. ലോകത്തിന്റെ മൂന്നിലൊന്ന്

ഭൂപ്രദേശവും വനങ്ങളാണ്. ഒരു വർഷം ശരാശരി ഒരു കോടി ഹെക്ടർ വനമേഖല നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. വനങ്ങളും നവീകരണവും-മെച്ചപ്പെട്ട ലോകത്തിന് പുതിയ പരിഹാരങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

പൂർണമായും നഷ്ടപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ വന ആവാസ വ്യവസ്ഥയുടെ പുനസ്ഥാപനമാണ് അന്താരാഷ്ട്ര വനദിനം നൽകുന്ന സന്ദേശം.

**********************

HEADLINE-6

## FIFA WORLDCUP (INTRO)

ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. സൗദിയിലെ അബഹയിൽ വെച്ച് ഇന്ത്യൻ സമയം അർധരാത്രി പന്ത്രണ്ടരക്കാണ് മത്സരം. സൗദിയിലെ അസീർ പ്രവിശ്യയിലെ അബഹയിലെ ദമക് സ്റ്റേഡിയമാണ് അഫ്ഗാനുമായുള്ള മത്സരത്തിനായുള്ള വേദി. സ്റ്റേഡിയത്തിലേക്ക് പ്രവേശനം സൗജന്യമാണ്.

ലോകകപ്പ് വിശേഷങ്ങളുമായി **സുരേഷ് ഇടപ്പാൾ......**

**(വോയിസ്)**

**********************

## SWISS OPEN

സ്വിസ് ഓപ്പൺ ബാഡ്മിൻറണിൽ ഇന്ത്യയുടെ കിരൺ ജോർജ് പുരുഷ സിംഗിൾസ് പ്രി ക്വാർട്ടറിലേക്ക് കടന്നു. ജപ്പാൻറെ തകുമ ഒബയാഷിയെ നേരിട്ടുള്ള സെറ്റുകൾക്കാണ് കിരൺ

പരാജയപ്പെടുത്തിയത്. സ്കോർ 21-18, 21-19. മിക്സഡ് ഡബിൾസിൽ സതീഷ് കുമാർ കരുണാകരൻ- ആദ്യ വരിയത്ത് സഖ്യം മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തി പ്രീ ക്വാർട്ടറിൽ ഇടം നേടി. സ്കോർ 21-18, 11-21, 21-19. മുൻ ചാമ്പ്യന്മാരായ കിടംബി ശ്രീകാന്ത്, ലക്ഷ്യ സെൻ എന്നിവരും പുരുഷ പ്രീ ക്വാർട്ടറിലേക്ക് കടന്നു.

**********************

# PIB

പ്രസ് ഇൻഫർമേഷൻ ബ്യൂറോയെ വസ്തുതാപരിശോധനാ യൂണിറ്റായി നിയോഗിച്ചുകൊണ്ട് കേന്ദ്ര ഇലക്ട്രോണിക്സ്, IT മന്ത്രാലയം വിജ്ഞാപനമിറക്കി.

**********************

# MORE LOANS-SC

കൂടുതൽ വായ്പ എടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ചെലവു നിയന്ത്രിക്കണമെന്ന കർശന വ്യവസ്ഥകളോടെ 5,000 കോടി കടമെടുക്കാൻ അനുമതി നൽകാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചെങ്കിലും നിർദ്ദേശം സംസ്ഥാനം സ്വീകരിച്ചില്ല. ചർച്ച പൂർണ വിജയമാകാത്ത സാഹചര്യത്തിലാണ് ഹർജി ഇന്ന് പരിഗണിക്കാമെന്ന് സുപ്രീംകോടതി അറിയിച്ചത്.

******************************************************************

*******